## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2360 20.6.2012-ൽ മറുപടിയ്ക്ക്

# ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് മൊബൈൽ ലബോറട്ടറി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.റ്റി.എ. റഹിം** | | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സി.ഡബ്ളിയു.ആർ.ഡി.എം. എന്ന സ്ഥാപനത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് മൊബൈൽ ലബോറട്ടറി സ്ഥാപിക്കുമെന്ന തീരുമാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | മൊബൈൽ ലബോറട്ടറി തുടങ്ങാൻ 30.47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മൊബൈൽ ലബോറട്ടറി സ്ഥാപിക്കാൻ വേണ്ടിയുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ വാനിന് വേണ്ടിയുള്ള സപ്ലൈ ഓർഡർ നല്കുകയും മൊബൈൽ ലാബിന് ആവശ്യമായ ചില ഉപകരണങ്ങൾ വാങ്ങുകയും ഉണ്ടായിട്ടുണ്ട്. മൊബൈൽ ലാബിൽ ആവശ്യമായ സ്റ്റാഫിന്റെ ട്രെയിനിംഗ് നടക്കുന്നുണ്ട്. രണ്ടുമാസത്തിനകം മൊബൈൽ ലബോറട്ടറി, ജനങ്ങളുടെ കുടിവെള്ളം പരിശോധിക്കാൻ സജ്ജമാക്കാനുള്ള ശ്രമത്തിലാണ്. |
| (ബി) | എത്ര മൊബൈൽ ലാബുകളാണ് ആരംഭിക്കുന്നത്; | (ബി) | പ്രാരംഭ ഘട്ടത്തിൽ ഒരു മൊബൈൽ ലബോറട്ടറി ആണ് ആരംഭിക്കുന്നത്. |
| (സി) | കേരളത്തിലെ മുഴുവൻ ജലവും പരിശോധിച്ച് വാട്ടർ കാർഡുകൾ നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ്? | (സി) | ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ